# അക്കാദമിക  മാസ്റ്റർ പ്ലാൻ

**2025 -2026**



**ഗവ :എൽ .പി .സ്കൂൾ ,ഉളിയന്നൂർ**

# ആമുഖം

**1946 ജൂണിലാണ് ഗവൺമെൻറ് എൽ. പി. സ്കൂൾ ഉളിയന്നൂർ പ്രവർത്തനം ആരംഭിക്കുന്നത്. കുറച്ചുകാലം എയ്ഡഡ് സ്കൂൾ ആയി പ്രവർത്തിച്ചു. പിന്നീട് സർക്കാർ ഏറ്റെടുത്തു പ്രവർത്തനം തുടങ്ങി. പെരിയാറിനാൽ ചുറ്റപ്പെട്ട് മറ്റു സ്ഥലങ്ങളിൽ നിന്നും ഒറ്റപ്പെട്ട് കിടന്നിരുന്ന ഉളിയന്നൂർ , ഏലൂക്കര, കയന്റിക്കര, കുഞ്ഞുണ്ണിക്കര എന്നി പ്രദേശങ്ങളിലെ പഠിക്കാൻ കഴിയാതിരുന്ന കുട്ടികൾക്ക് ഉളിയന്നൂർ പല്ലേരിമന ഇല്ലം വക ഭൂമി സ്കൂൾ ആരംഭിക്കുന്നതിനായി വിട്ടുകൊടുക്കുകയാണ് ചെയ്തത്. ജാതിമതഭേദമന്യേ എല്ലാവർക്കും പ്രവേശനം നേടാനും പഠിക്കാനും കഴിഞ്ഞിരുന്നു. ഈ സ്കൂളിൽ നിന്ന് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നേടി സമൂഹത്തിന്റെ പൊതുധാരയിൽ ധാരാളം കുട്ടികൾ എത്തിച്ചേർന്നിട്ടുണ്ട്. കേരള വിദ്യാഭ്യാസ വകുപ്പ് അധ്യയന വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യം വെച്ച് വിവിധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.**

*അക്കാദമിക് കലണ്ടറിന് അനുസൃതമായി എസ് ആർ ജി വഴി നിശ്ചിത സമയം നിശ്ചയിക്കുക.

'*ഓരോ ക്ലാസിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

*ആവശ്യമായ പിന്തുണ പരിപാടികൾ സംഘടിപ്പിക്കുക.

*ഭിന്നശേഷി കുട്ടികളെ പരിഗണിക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.

*നിരന്തര മൂല്യനിർണയ പ്രക്രിയ കാര്യക്ഷമമാക്കുക.

*സമഗ്ര പുരോഗതി രേഖ വികസിപ്പിക്കുക.

ജൂൺ മാസത്തെ ആദ്യ രണ്ടാഴ്ച കാലയളവിൽ വിവിധ ബോധവൽക്കരണ ക്ലാസുകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകാൻ തീരുമാനിച്ചു.

വിഷയാടിസ്ഥാനത്തിൽ വിവിധ പരിപാടികൾ  നടത്തപ്പെടുന്നു

*പൊതു കാര്യങ്ങൾ / മയക്കുമരുന്ന് /ലഹരി ഉപയോഗത്തിനെതിരെ: പ്ലക്കാർഡും പോസ്റ്ററും മുദ്രാവാക്യവുമായി കുട്ടികൾ റാലി നടത്തുകയും ശേഷം അദ്ധ്യാപകർ ജാഗ്രതനിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.

*റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ / ട്രാഫിക് നിയമങ്ങൾ: ട്രാഫിക് സിഗ്നലും റോഡിലെ സിംബലും പ്രദർശിപ്പിച്ച റോള്പ്ലേ നടത്തുന്നു .സ്കൂൾ യാത്രയിൽ കുട്ടികൾ ശ്രദ്ദിക്കേണ്ട കാര്യങ്ങളെ കുറിച്ച അവബോധം ഉണ്ടാ

*വ്യക്തി ശുചിത്വം/ പരിസര ശുചിത്വം/ പ്ലാസ്റ്റിക് രഹിത ക്യാമ്പസ് /സ്കൂൾ സൗന്ദര്യവൽക്കരണം: വ്യക്തി ശുചിത്വവുമായി  ബന്ധപ്പെട്ട ഓരോ കുട്ടിയുടെയും  ദന്ത പരിരക്ഷണത്തിനായി ആനന്ദ് മുസ്കാന് പദ്ധതി കൃത്യമായി നിർവഹിക്കുക .പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് നിർമ്മാജനം എന്ന ലക്ഷ്യത്തിൽ  റീലിസ് നിർമ്മാണം,ക്വിസ്,കളറിംഗ് ,ചിത്ര രചന  എന്നിവ നടത്തുക .എല്ലാ ആഴ്ചയിലും ഡ്രൈ ഡേ  ആചരിക്കുക .മാസത്തിലൊരിക്കൽ ഔഷധ തോട്ടം ,പൂന്തോട്ടം ,പച്ചക്കറി തോട്ടം എന്നിവക്ക് വേണ്ട പരിചരണം നൽകുക.

*ആരോഗ്യം വ്യായാമം / കായികക്ഷമത/ സൂംബാ ഡാൻസ്: അസ്സംബ്ലിയിൽ എന്നും കായിക പരിശീലനം ചെയ്യുക. ആഴ്ചയിൽ രണ്ട ദിവസം യോഗ,സൂമ്പ ഡാൻസ്  എന്നിവ നിർവഹിക്കുക .

*ഡിജിറ്റൽ അച്ചടക്കം: മൊബൈലിന്റെ ദുരു പ യോഗത്തെ കുറിച്ചു  കുട്ടികളെയും രക്ഷിതാക്കളേയും ബോധവാന്മാരാക്കുന്നു .

*പൊതുമുതൽ സംരക്ഷണം:സ്കൂൾ ,നാട് ,പരിസരം,സമൂഹം എന്നിവയിലെ പൊതു മുതൽ നശിപ്പിക്കുന്നതിനെതിരെ ബോധവത്കരണം നൽകുന്നു .

*പരസ്പര സഹകരണത്തിന്റെ പ്രാധാന്യം /വൈകാരിക നിയന്ത്രണം ഇല്ലായ്മ:കുടുംബാംഗങ്ങൾക്കിടയിലും കൂട്ടുകാർക്കിടയിലും സമൂഹത്തിനിടയിലും പാലിക്കേണ്ട പരസ്പര സഹകരണബോധം വിവിധ അനുഭങ്ങളിലൂടെയും ചർച്ചകളിലൂടെയും കുട്ടികളിലേക്ക് എ ത്തിക്കുക .വൈകാരിക നിയന്ത്രണമില്ലായ്മ കൊണ്ട് സമൂഹത്തിലുണ്ടാകുന്ന പീഡനങ്ങളെയും കൊലപാതകങ്ങളെയും കുറിച്ചുള്ള വാർത്തകൾ കുട്ടികളിലേക്ക് എത്തിച്ച് ബോധവൽക്കരിക്കുക .

☆ പൊതു ക്രോഡീകരണം: പി ടി എ വിളിച് മുകളിൽ സൂചിപ്പിച്ച വിഷയങ്ങൾ ചർച്ച ചെയ്ത് കുട്ടികൾക്ക് വേണ്ട അവബോധം ലഭിച്ചിട്ടുണ്ടെന്ന് ഉറപ് വരുത്തുക .

# അവസ്ഥ വിശകലനം

നിലവിൽ 7 ക്ലാസ് റൂമുകൾ ആണ് ഉള്ളത്. നിലവിൽ അഞ്ചാം ക്ലാസ് വരെ പ്രവർത്തിക്കുന്നതുകൊണ്ട് ഒരു ഫുൾ ടൈം അറബി അധ്യാപികയും,ഒരു പാർടൈം ഹിന്ദി അധ്യാപികയും, മറ്റ് എൽ.പി.എസ്. ടി മാത്രം ഇവിടെ ജോലി ചെയ്യുന്നുണ്ട്.

LKG മുതൽ 5 വരെ ക്ലാസുകളിലായി ഇരുന്നൂറോളം കുട്ടികൾ പഠിക്കുന്നുണ്ട്. സാധാരണക്കാരുടെ മക്കളാണ് ഇവിടെ പഠിക്കുന്നത്. തുടർച്ചയായി LSS സ്കോളർഷിപ് പരീക്ഷയിൽ വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. വെല്ലുവിളികൾ ഏറെയുണ്ടെങ്കിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച വിജയം കണ്ടെത്താൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

കോവിഡിന് ശേഷം ഒരു വർഷം കുട്ടികളിൽ പഠനവിടവ് വ്യക്തമായി കണ്ടിരുന്നെങ്കിലും അധ്യാപകരുടെ നിരന്തരമായ പരിശ്രമം മൂലം കുട്ടികൾ പഠനത്തിൽ മികവ് പുലർത്താൻ തുടങ്ങി. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ സർഗാത്മ ശേഷികളും കലാകായിക അഭിരുചികളും വളർത്തിക്കൊണ്ടു വരാൻ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുന്നു.



## വിദ്യാലയ മികവുകൾ

അറബിക് കലോത്സവത്തിൽ ആലുവ സബ്ജില്ലയിൽ യിൽ ഓവർ ഓൾ ലഭിച്ചു

എല്ലാ കുട്ടികളുടേയും ഭവനസന്ദർശനം / കോർണർ പി.ടി. എ

പുതിയതായി നിർമ്മാണം പൂർത്തിയാക്കിയ മനോഹരമായ പാർക്ക്.

നിർമ്മാണം മുകൾ നിലയിലെ ക്ലാസ് മുറികൾ

---

1

പ്രൊജക്ടർ,ലാപ്ടോപ്,
ടിവി ഇവ സജ്ജീകരിച്ചിരിക്കുന്ന സ്മാർട്ട് ക്ലാസ് മുറികൾ

പ്രവർത്തന സന്നദ്ധരായ അധ്യാപകർ.

എസ് എം സി, പിടിഎ, എം പി ടി എ എന്നിവരുടെ ആത്മാർത്ഥ പൂർണമായ പിന്തുണ.

ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

സമഗ്ര ശിക്ഷ കേരളം ഒന്നാം ക്ലാസ്സിൽ നടപ്പിലാക്കുന്ന ഒന്നൊരുക്കം വിദ്യപ്രവേശ സന്നദ്ധത പ്രവർത്തനം നടപ്പിൽ വരുത്തുന്നു .
മൂന്നാം ക്ലാസ്സിൽ നാസ് പരീക്ഷക്കുള്ള പരിശീലനം നൽകുന്നു നരീതി

1. എല്ലാ കുട്ടികൾക്കും സൗഹൃദപരവും ശിശു കേന്ദ്രീകൃതവുമായ പഠനം ഉറപ്പാക്കും.
2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമൊയ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കും.
3. കുട്ടികൾ അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക.
4. LSS scholarship, യുവജനോത്സവങ്ങൾ, ശാസ്ത്ര,ഗണിത മേളകൾ എന്നിവയിൽ വിജയികളായവരുടെ എണ്ണം കൂട്ടുക.
5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയൊജനപ്പെടുത്തും.
6.കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും.
7.ദിനാചരണങ്ങൾ,ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ അക്കാദമിക് പുരോഗതിക്ക് സഹായകമാകുന്ന രീതിയിൽ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക.
8.കുട്ടിയുടെ പഠന താല്പര്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുക.
9. അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അദ്ധ്യാപകരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കും.
10. ലൈബ്രറി വികസനം സാധ്യമാക്കും.(ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി).
11. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും.
12. അദ്ധ്യാപകരുടെ I C T പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.

## വിഷയം: മാതൃഭാഷ / മലയാളം

ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികൾക്കും സർഗാത്മകരചനകൾക്കുള്ള അവസരം നല്കുക.
- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.
- സാഹിത്യാഭിരുചിവളർത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസസാധ്യതകളെ പ്രയാജനപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയാഗിച്ച് വാക്യരചനകൾ, മലയാളത്തിളക്കം, ശ്രദ്ധ, പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം,നിഘണ്ടുനിർമാണം,പത്രവായന,ദൃശ്യവായന, പുസ്തകവായന, ചിത്രവായന, സൂചനകൾ നൽകി കഥ പൂർത്തിയാക്കൽ, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ,കവിതാരചന,കവിതകൾ കേൾക്കൽ,കഥാവതരണം (ഉദാ ആമയും മുയലും),
നാടൻ കലകളുടെ പ്രദർശനംകഥഅവതരണം.കഥാപതിപ്പ്,കവിതാപതിപ്പ്,കേട്ടെഴുത്ത്, സംഘപ്രവർത്തനങ്ങൾ,ആസ്വാദനക്കുറിപ്പ് മത്സരം,പത്രവാർത്തകൾ.

## വിഷയം: ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

**പ്രവർത്തനങ്ങൾ**

ദിവസത്തിൽ ഒരു വാക്കും (an idiom a day..)അതിന്റെ അർഥവും പഠിക്കുന്നു.
pictures,videos എന്നിവയുടെ സഹായത്തോടെ കുട്ടികളെ സംസാരിക്കാൻ പ്രാപ്തമാക്കുന്നു.
English news, conversation, library books, English assembly എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
വാക്കുകൾ വാക്യങ്ങളാക്കി പറയാനും പരസ്പരം ഇംഗ്ലീഷിൽ സംസാരിക്കാനും
അങ്ങനെ സംസാരിക്കുന്നവരെ കണ്ടെത്തി കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
വായന, വായിച്ച വാക്യങ്ങൾ ആശയാടിസ്ഥാനത്തിൽ എഴുതുന്നു.

## വിഷയം: അറബിക്

പ്രവർത്തനങ്ങൾ:
അഹ്‌ലൻഅറബിക്,

വായന ജാലകം ,ആസ്വാദന അരങ്ങ്, അനുഭവപാഠം, അറബിക് അസംബ്ലി ,ദിനാചരണങ്ങൾ, എഴുത്തിന്റെ പരിപോഷണം ,മത്സരവേദികൾ /അറബിക് ഫെസ്റ്റ്

ലക്ഷ്യങ്ങൾ

അറബി ഭാഷയിലേക്ക് കുട്ടികളെ ആകർഷിപ്പിച്ച് എഴുത്ത് വായന സംസാരം ശ്രദ്ധ തുടങ്ങിയ നൈപുണികളിലൂടെരചന,അഭിനയം , ഭാഷാ സിദ്ധി,ആസ്വാദനശേഷി തുടങ്ങിയ മികവുകൾ നേടിയെടുത്ത്സാമൂഹിക സാംസ്കാരിക ധാർമിക മൂല്യങ്ങൾഉൾക്കൊള്ളുന്ന നല്ലൊരു സമൂഹത്തെ വാർത്തെടുക്കുക

പ്രവർത്തനരീതി:

നൂതന സാമഗ്രികൾ ഉപയോഗിച്ചുള്ള പഠന രീതി

ലൈബ്രറി ബുക്കുകളുടെ ഉപയോഗം

സാഹിത്യ വേദികളിൽ മികവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം

അറബി കലോത്സവങ്ങളിൽ പങ്കെടുത്ത് ഉന്നത വിജയം നേടാനുള്ള പരിശീലനം

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രവർത്തനങ്ങളിൽ പ്രത്യേക പരിഗണന

ഭിന്നശേഷി വിദ്യാർഥികളെ പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ

## വിഷയം: ഗണിതം

ലക്ഷ്യങ്ങൾ

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം,വ്യവകലനം
എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു.

2.വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള
കഴിവ് വളർത്തുന്നു.

3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4.കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ
പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.

5.ഗണിതപഠനത്തിൽ ICT സാധ്യതകൾപരമാവധിഉപയോഗിച്ച് ഗണിതപഠനം ആയാസകരമാക്കുന്നു.

6.ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു.

7. സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.

8.ഗുണനപട്ടിക മനഃപാഠമാക്കുന്നു.

9. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

10.പ്രശ്നപരിഹാരം, പ്രായാഗികപ്രശ്നപരിഹാരം.

11.ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.

പ്രവർത്തനങ്ങൾ

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത്, അബാക്കസ്,
ചിത്രസഹായത്തോടെയുള്ളപഠനം,പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ
തമ്മിൽകൂട്ടിസങ്കലനം,പത്തിന്റെകൂട്ടങ്ങളാക്കൽ(കല്ല്,ഈർക്കിലി,വളപ്പൊട്ട്,
മഞ്ചാടി etc.-ഗ്രൂപ്പുകൾകൂടിചേർന്ന് സങ്കലനം,കസൃതികണക്കുകൾ
(സങ്കലനം,വ്യവകലനം,ഗുണനം,ഹരണം).സ്ഥാനവിലപാക്കറ്റ്നിർമാണം,
ജ്യാമിതീയരൂപങ്ങൾപട്ടികപ്പെടുത്തൽ(നിത്യാപയാഗസാധനങ്ങൾ)വർക്ക്ഷീറ്റുകൾനിർമാണം
(അധ്യാപിക,കുട്ടികൾ), സങ്കലനപട്ടിക പ്രദർശനം, വിലവിവരപട്ടിക പ്രദർശനം,
തുല്യമായി പങ്കുവെക്കൽ (കേക്ക്,പപ്പടം ലഡു etc.).

1.സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗങ്ങൾ നിർദേശിക്കുന്നു.
2.ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും ജലസംരക്ഷണമാർഗങ്ങൾ നിർദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നു.
3.മഴക്കാലദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദേശിക്കുക.
4.നാം ഉപയാഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉല്പാദിപ്പിക്കേണ്ടവയാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനും.
5.വ്യക്തിശുചിത്വം,സാമൂഹികശുചിത്വംഎന്നിവയുടെപ്രാധാന്യം തിരിച്ചറിഞ്ഞ് നിർദേശങ്ങൾ നൽകാനും പാലിക്കാനും.

## പ്രവർത്തനങ്ങൾ

സസ്യആൽബം(ഇല,വേര്,തണ്ട്,പൂവ്,വിത്ത്)ശാസ്ത്രപതിപ്പുകൾ,പൂന്തോട്ടനിർമാണം, ലഘുപരീക്ഷണങ്ങൾ,വിവിധതരം വിത്തു മുളപ്പിക്കൽ (നിരീക്ഷണ പഠനം)പഠനയാത്രകൾ, ബോധവത്ക്കരണക്ലാസ്സുകൾ, ചോദ്യാവലി,അഭിമുഖം, ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം .